**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 335** **29.06.2016- ൽ മറുപടിക്ക്**

**"വ്യവസായ നയം"**

**ചോദ്യം** **ഉത്തരം**

**ശ്രീ.എം.ഉമ്മർ**

**ശ്രീ. ഇ.പി. ജയരാജൻ**
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | വ്യവസായ മേഖലയിൽ വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളെ സംബന്ധിച്ചുള്ള സർക്കാരിന്റെ നയം വിശദമാക്കാമോ; | എ) & ബി) | പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതുമായ പരിസ്ഥിതി സൗഹാർദ്ദ വ്യവസായ വികസനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു പുതുക്കിയ വ്യവസായ നയം നടപ്പിലാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങളും വൈദ്യുതി ഉപഭോഗവും കുറഞ്ഞ ഫാർമസി വ്യവസായവും ഹൈ എൻഡ് ഇലക്ട്രോണിക് മാനുഫാക്ചറിംഗ് വ്യവസായവും ആരംഭിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതരത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ പുതിയതായി 15,000 യൂണിറ്റുകൾ ആരംഭിച്ച് 80,000 പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നു. പ്രാദേശികമായി ഉൽപ്പാദിക്കപ്പെടുന്ന കാർഷിക ഉൽപ്പന്നങ്ങളായ ചക്ക, പൈനാപ്പിൾ, വാഴപ്പഴം, നാളികേരം സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.<br><br>സ്റ്റാർട്ട് അപ്പ് മേഖലയിൽ സർവ്വകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും |
| ബി) | പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതുമായ വ്യവസായശാലകൾ സ്ഥാപിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സാങ്കേതിക സഹായം നൽകും. ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഇൻഡസ്ട്രിയൽ ഏരിയകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുക, സ്വകാര്യ നിക്ഷേപത്തോടെ പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള അനുയോജ്യമായ ഭൂമി വ്യവസായ പാർക്ക്/ഏരിയ ആയി വികസിപ്പിച്ച് യുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരമൊരുക്കുക, ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് സ്മോൾ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, കരകൗശല ഉല്പന്നങ്ങളുടെ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ടൂറിസം മേഖലയുടെ സഹായത്തോടെ ബ്രാൻഡ് ബിൽഡിംഗ് ക്യാമ്പെയിൻ സംഘടിപ്പിക്കുക, ദേശീയ അന്തർദ്ദേശീയ അംഗീകാരം നേടാൻ കഴിയുന്ന പ്രദർശനം സംഘടിപ്പിക്കുക, ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സീസൺ പ്രദർശന മേളകൾ സംഘടിപ്പിക്കുക, കൈതൊഴിലാളികൾ സംരംഭകരായി മാറി പുതിയ കരകൗശല വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ സാധിക്കുന്ന തരത്തിലുള്ള പരിശീലനം നൽകുക എന്നിവയും ആലോചിക്കുന്നു. ചെറുകിട വ്യവസായ മേഖലയിൽ വ്യവസായങ്ങളാരംഭിക്കുന്നതിന് സെൽഫ് സർട്ടിഫിക്കേഷൻ പദ്ധതിയിലൂടെ നടപടി ക്രമങ്ങൾ ലഘൂകരിക്കാനും ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**